# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.06.2025**

### പ്രധാനവാർത്തകൾ

1. **പഹൽഗാം ഭീകരാക്രമണത്തിൽ ഭീകർക്ക് അഭയം നൽകിയ രണ്ടുപേരെ അറസ്റ്റ് ചെയ്തതായി ദേശീയ അന്വേഷണ ഏജൻസി.**
2. **ഇസ്രയേൽ-ഇറാൻ സംഘർഷം അതി രൂക്ഷമായി തുടരുന്നു; ഇറാന്റെ ആണവ കേന്ദ്രങ്ങൾ ആക്രമിച്ച യു എസ് നടപടി അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കുമെതിരായ ഭീഷണിയെന്ന് ഐക്യരാഷ്ട്രസഭ.**
3. **നിലമ്പൂർ ജനവിധി കാത്ത് കേരളം; വോട്ടെണ്ണൽ നാളെ രാവിലെ എട്ട് മുതൽ; ഒരുക്കങ്ങൾ പൂർത്തിയായി.**
4. **സംസ്ഥാനത്ത് ഇന്നു മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കുട്ടനാട് വെള്ളപ്പൊക്ക ദുരിതത്തിൽ.**
5. **ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ആതിഥേയരായ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.**

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 1</u>

<u>പഹൽഗാം - അറസ്റ്റ്</u>

പഹൽഗാം ഭീകരാക്രമണത്തിൽ ഭീകർക്ക് നേരിട്ട് സഹായം നൽകിയ രണ്ടുപേരെ അറസ്റ്റ് ചെയ്തതായി ദേശീയ അന്വേഷണ ഏജൻസി. ബട്കോട്ട് സ്വദേശിയായ പർവേസ് അഹമ്മദ് ജോത്തർ, പഹൽഗാം ഹിൽ പാർക്ക് സ്വദേശിയായ ബഷീർ

RNU TVPM

അഹമ്മദ് ജോത്തർ എന്നിവരെയാണ് പിടികൂടിയതെന്ന് എൻഐഎ വ്യക്തമാക്കി. ലഷ്കർ-ഇ-തൊയ്ബയുമായി ബന്ധമുള്ള പാകിസ്ഥാൻ പൗരന്മാരാണ് മൂന്ന് ഭീകരരെന്ന് പിടിയിലായവർ വെളിപ്പെടുത്തിയതായി എൻഐഎ പറഞ്ഞു.

&&&&&&&&&&&&&&&&&&

ഓപ്പറേഷൻ സിന്ധു

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് 1,117 ഇന്ത്യക്കാരെ ഒഴിപ്പിച്ചു. ഇന്നലെ രാത്രി മഷാദിൽ നിന്ന് ന്യൂഡൽഹിയിൽ വന്നിറങ്ങിയ പ്രത്യേക വിമാനത്തിൽ 290 ഇന്ത്യക്കാർ സുരക്ഷിതമായി നാട്ടിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇറാനിൽ നിന്നുള്ള യാത്രാസംഘത്തിലെ ഏക മലയാളി വിദ്യാർഥിനി ഫാദില കച്ചക്കാരൻ നാട്ടിലെത്തി. ഇറാനിൽ എംബിബിഎസ് വിദ്യാർത്ഥിനിയാണ് മലപ്പുറം മുടിക്കോട് സ്വദേശി ഫാദില.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

നിലമ്പൂർ - വോട്ടെണ്ണൽ

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൻ്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്ക്കൂളിൽ നടക്കും. ഇതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. വോട്ടെണ്ണൽ പൂർണ്ണമായി സിസി ടി വി നിരീക്ഷണത്തിൽ ആയിരിക്കും. സ്ഥലത്ത് കേന്ദ്രസേനയുടെയും പോലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

ഇടുക്കി (ഇൻട്രോ)

പശ്ചിമ ഘട്ടത്തിലെ പ്രധാന ജൈവ വൈവിധ്യ കേന്ദ്രമായ പെരിയാർ കടുവാ സങ്കേതത്തിലെ ആദ്യഘട്ട ഉഭയ-ഉരഗജീവി

RNU TVPM

സർവേയിൽ ആകെ 149 ഇനങ്ങളെ കണ്ടെത്തി. 67 ഉഭയജീവി ഇനങ്ങളെയും 82 ഉരഗജീവി ഇനങ്ങളെയുമാണ് കണ്ടെത്തിയത്. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.....**
**(വോയ്സ്)**

&&&&&&&&&&&&&&&&&&

<u>തിരുവാതിര - ഞാറ്റുവേല</u>

ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകെ നടപ്പിലാക്കുന്ന ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് ഇന്ന് തുടക്കം. ഏപ്രിൽ 14 മുതൽ ജൂലൈ 5 വരെ രണ്ടര മാസക്കാലയളവിലാണ് ഞാറ്റുവേലകൾ. കാർഷിക വിളകൾ നടുന്നതിനും വിത്ത് പാകുന്നതിനും ഈ കാലയളവ് വളരെ ഉത്തമമാണെന്ന് കരുതപ്പെടുന്നു. ഈ സമയത്ത് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഞാറ്റുവേല ചന്തകൾ.

&&&&&&&&&&&&&&&&&&

RNU TVPM

<u>ഐസിഎആർ - പ്രഭാഷണം</u>

തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവർഗ്ഗവിള ഗവേഷണ സ്ഥാപനത്തിൽ നാളെ "ശ്രീ വിശാഖം തിരുനാൾ എൻഡോവ്മെന്റ് പ്രഭാഷണം" നടക്കും. 'ജീനോം വിപ്ലവം: എഡിറ്റ് ചെയ്ത ആദ്യത്തെ നെല്ലിനത്തിലേക്കുള്ള ഇന്ത്യയുടെ പാത' എന്ന വിഷയത്തിൽ രാവിലെ പ്രഭാഷണം നടക്കും. കേരളത്തിൽ മരച്ചീനി കൃഷി ജനപ്രിയമാക്കുന്നതിൽ ശ്രീ വിശാഖം തിരുനാൾ വഹിച്ച സുപ്രധാന പങ്ക് എടുത്തു കാണിക്കുന്നതാണ് വർഷം തോറും നടക്കുന്ന പ്രഭാഷണം.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

**മഴ**

സംസ്ഥാനത്ത് ഇന്നു മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ആലപ്പുഴ - കുട്ടനാട് (ഇൻട്രോ)**

കുട്ടനാട്ടിൽ മഴക്കെടുതി രൂക്ഷം. കഴിഞ്ഞ മാസം അവസാനം തുടങ്ങിയ വെള്ളപ്പൊക്ക ദുരിതം ഇപ്പോഴും തുടരുന്നു. **വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി രവികുമാർ....**

(വോയ്സ്)

RNUTVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

**ഇസ്രയേൽ-ഇറാൻ സംഘർഷം**

ഇറാനിലെ മൂന്ന് ആണവ കേന്ദ്രങ്ങൾ അമേരിക്ക ആക്രമിച്ചതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിലെ ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് വിജയകരമായി ആക്രമണം നടത്തിയെന്ന് അദ്ദേഹം സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു. അതേസമയം വ്യോമാക്രമണത്തിന് മറുപടിയായി, ഇന്ന് പുലർച്ചെ ഇസ്രായേലിന് നേരെ ഇറാൻ 30 ലധികം ബാലിസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ചു. മധ്യ ഇസ്രായേലിലെ നിരവധി പ്രദേശങ്ങളെ ആക്രമിച്ച മിസൈൽ ആക്രമണം ഇസ്രായേൽ പ്രതിരോധ സേന സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&&

## ഗുട്ടറെസ്-നെതന്യാഹു-യു എസ് ആക്രമണം

ഇറാന്റെ ആണവ കേന്ദ്രങ്ങൾ ആക്രമിച്ച യുഎസ് പ്രസിഡൻറിൻറെ തീരുമാനത്തെ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അഭിനന്ദിച്ചു. തീരുമാനം ചരിത്രം തിരുത്തി കുറിയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം ഇറാനെതിരായ യുഎസ് ആക്രമണങ്ങൾ അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് പറഞ്ഞു. ഇതിന് സൈനിക പരിഹാരമില്ലെന്നും മുന്നോട്ടുള്ള ഏക മാർഗം നയതന്ത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ഐ.എ.ഇ.ഒ - യുഎസ് ആക്രമണം

ഇറാൻ ആണവ കേന്ദ്രങ്ങൾക്ക് നേരെയുള്ള യുഎസ് ആക്രമണം അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് ഇറാൻ ആണവോർജ്ജ ഏജൻസി. രാജ്യത്തിന്റെ ആണവ വ്യവസായം മുന്നോട്ട് കൊണ്ടുപോകുമെന്ന് സംഘടന പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ക്രിക്കറ്റ്

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ആതിഥേയരായ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട്, 3 വിക്കറ്റിന് 209 റൺസ് എന്ന നിലയിലാണ്. 100 റൺസോടെ ഒല്ലി പോപ്പും റൺസൊന്നുമെടുക്കാതെ ഹാരി ബ്രൂക്കും ക്രീസിലുണ്ട്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 471 റൺസിന് അവസാനിച്ചിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**ഫുട്ബോൾ ചാമ്പ്യൻഷിപ്പ്**

സംസ്ഥാന ജൂനിയർ പെൺകുട്ടികളുടെ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കണ്ണൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ ബുധനാഴ്ച ആരംഭിക്കും . അടുത്ത മാസം ഒന്നിനാണ് ഫൈനൽ മത്സരം.

&&&&&&&&&&&&&&&&&&

**കണ്ണൂർ (ഇൻട്രോ)**

ലിറ്റിൽ കൈറ്റ്സ് നോഡൽ ഓഫീസർമാർക്കള്ള കണ്ണൂർ ജില്ലാതല ശില്പശാല പൂർത്തിയായി. ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് ഡിജിറ്റൽ സംവിധാനങ്ങളുപയോഗിച്ചുള്ള കൈത്താങ്ങായിരിക്കും ഈ വർഷത്തെ മുഖ്യ ആകർഷണം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....**

**(വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&

**മാധ്യമ പുരസ്കാരം**

2023 ലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അച്ചടി മാധ്യമം ജനറൽ റിപ്പോർട്ടിംഗിൽ നിലീന അത്തോളിക്കാണ് അവാർഡ്. ഫോട്ടോഗ്രഫി വിഭാഗത്തിൽ സജീഷ് ശങ്കറും കാർട്ടൂൺ വിഭാഗത്തിൽ കെ ടി അബ്ദുൽ അനീസും പുരസ്കാരത്തിനർഹരായി. ഈ മാസം 26ന് വൈകുന്നേരം തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&&&

**കാട്ടുകൊമ്പൻ - പടയപ്പ**

കാട്ട് കൊമ്പൻ പടയപ്പ തുടർച്ചയായി മറയൂരിലെ ജനവാസ മേഖലയിൽ എത്തുന്നത് നാട്ടുകാർക്കും വിനോദ സഞ്ചാരികൾക്കും ഭീഷണിയാകുന്നു. ഇന്ന് രാവിലെ വാഗുവര ലക്കം ന്യൂ ഡിവിഷനിലെ ലയങ്ങളിലും തേയില തോട്ടങ്ങളിലും

പടയപ്പ എത്തി. ലയത്തോട് ചേർന്ന് തൊഴുത്തിൽ പശുവിന് തീറ്റയ്ക്കായി വെച്ചിരുന്ന പുല്ലുകൾ പടയപ്പ ഭക്ഷിച്ചു.

&&&&&&&&&&&&&&&&&&

**<u>ഒളിമ്പിക് റൺ - കണ്ണൂർ</u>**

അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലാ ഒളിമ്പിക് അസോസിയേഷൻ നാളെ ഒളിമ്പിക് റൺ നടത്തും. 'മയക്കുമരുന്നിനു പകരം കായികം' എന്ന സന്ദേശവുമായി നടത്തുന്ന പരിപാടി, രാവിലെ കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയ ത്തിൽ നിന്ന് ആരംഭിക്കും. കാനന്നൂർ സൈക്ലിങ് ക്ലബിൻറെ നേതൃത്വത്തിൽ ഇന്ന് സൈക്കിൾ റൺ നടന്നു.

&&&&&&&&&&&&&&&&&&

RNU TVPM

**<u>ലക്ഷദ്വീപ്-ക്യാമ്പയിൻ</u>**

സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ലക്ഷദ്വീപ് സ്പോർട്സ് ആൻറ് യുത്ത് അഫേഴ്സ് വകുപ്പുമായി സഹകരിച്ച് ദ്വീപിലെ കായികാതാരങ്ങൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാംപയിൻ ആരംഭിച്ചു.

സായി ആന്ത്രോത്ത് റീജിണൽ യുണിറ്റിൽ നടന്ന മാരത്തോൺ മത്സരങ്ങൾ IRBN ഇൻസ്പെക്ടർ അൻവർ സാലിഹ് ഫ്ലാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&&

**<u>ആലപ്പുഴ - ബസ് അപകടം</u>**

ആലപ്പുഴ ചെങ്ങന്നൂരിൽ കെഎസ്ആർടിസി ബസും സ്വകാര്യ ബസും കൂട്ടി ഇടിച്ചു. 40 ഓളം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## മഴക്കാട് ദിനം

ഇന്ന് അന്താരാഷ്ട്ര മഴക്കാട് ദിനം. 2017-ൽ റെയിൻഫോറസ്റ്റ് പാർട്ണർഷിപ്പാണ് ലോക മഴക്കാടുകളുടെ ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. കാലാവസ്ഥ, ജൈവവൈവിധ്യം, സംസ്കാരം, ഉപജീവനമാർഗ്ഗം എന്നിവയ്ക്കായി മഴക്കാടുകളുടെ പ്രാധാന്യം ആഘോഷിക്കുകയും അവയെ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമാണ് ദിനാചരണം ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## പാഠവും പഠനവും - ഉദ്ഘാടനം

വിജിൽ ഹ്യൂമൺ റൈറ്റ്സിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അടിയന്തിരാവസ്ഥ പാഠവും പഠനവും എന്ന വിഷയത്തിലുള്ള ശില്പശാല ഇന്ന് വൈകീട്ട് കോഴിക്കോട് നടക്കും. ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM